**"CORRUPTION, A CRIME AGAINST NATION"**

**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം 695033**
**E-mail:vig.vacb@kerala.gov.in**
**ഫോൺ നം. 0471-2305393**
**തീയതി 16.09.2023**

# "പട്ടികജാതി/പട്ടിക വർഗ്ഗ ഹോസ്റ്റൽ വാർഡനെ കഠിന തടവിന് ശിക്ഷിച്ചു."

തിരുവനന്തപുരം ജില്ലയിലെ വെള്ളയമ്പലം പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിലുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലിലെ വാർഡനായിരുന്ന രാജീവ് കുമാറിനെ മൂന്ന് ഇലക്ട്രിസിറ്റി ബില്ലുകളിൽ 1,13,720/- രൂപ തിരിമറി നടത്തിയ കേസ്സിൽ കുറ്റക്കാരനാണെന്ന് കണ്ടെത്തി തിരുവനന്തപുരം വിജിലൻസ് കോടതി ഇന്ന് (16/09/2023) മൂന്നര വർഷം കഠിന തടവിനും 1,40,000/- രൂപ പിഴ ഒടുക്കുന്നതിനും ശിക്ഷിച്ചത്.

തിരുവനന്തപുരം ജില്ലയിലെ വെള്ളയമ്പലം പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിലുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലിൽ 2004-2005 കാലഘട്ടത്തിൽ വാർഡനായിരുന്ന രാജീവ് കുമാർ, ഹോസ്റ്റലിലെ മൂന്ന് ഇലക്ട്രിസിറ്റി ബില്ലുകളിൽ ക്രമക്കേട് നടത്തി 1,13,720/- രൂപ തിരിമറി നടത്തിയതിലേക്ക് തിരുവനന്തപുരം വിജിലൻസ് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് - I ഡി.വൈ.എസ്.പി. ആയിരുന്ന ശ്രീ. രാജ് മോഹൻ നായർ രജിസ്റ്റർ ചെയ്ത് ഡി.വൈ.എസ്.പി. ആയിരുന്ന ശ്രീ. മധുസൂദനൻ അന്വേഷണം നടത്തി ഡി.വൈ.എസ്.പി. ആയിരുന്ന ശ്രീ. കൃഷ്ണകുമാർ കുറ്റപത്രം സമർപ്പിച്ച കേസ്സിലാണ് പ്രതിയായ രാജീവ് കുമാർ കുറ്റക്കാരനാണെന്ന് തിരുവനന്തപുരം വിജിലൻസ് കോടതി കണ്ടെത്തി മൂന്നര വർഷം കഠിന തടവിനും 1,40,000/- രൂപ പിഴ ഒടുക്കുന്നതിനും ഇന്ന് (16/09/2023) ശിക്ഷ വിധിച്ചത്. പ്രതിയെ തിരുവനന്തപുരം സെൻട്രൽ ജയിലിലേക്ക് റിമാൻഡ് ചെയ്തു. പ്രോസിക്യൂഷന് വേണ്ടി വിജിലൻസ് പബ്ളിക്

പ്രോസിക്യൂട്ടർമാരായ ശ്രീ. ഉണ്ണികൃഷ്ണൻ ചെറുന്നിയൂർ, ശ്രീ. രഞ്ജിത്ത് കുമാർ എന്നിവർ ഹാജരായി.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്കടർ ശ്രീ. ടി. കെ . വിനോദ് കുമാർ. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.